**Code No. 012**

**PRE-BOARD EXAMINATION, DECEMBER-2019**

**CLASS: X** **MALAYALAM - 2nd LANGUAGE** **Time: 3 Hours**

**MAX. MARKS: 80**

---

## The Question Paper is divided in to four sections

| | | |
|---|---|---|
| **Section A** | **: Reading and Comprehension** | **10 Marks** |
| **Section B** | **: Writing** | **14 Marks** |
| **Section C** | **: Grammar** | **20 Marks** |
| **Section D** | **: Literature** | **36 Marks** |

<u>എ വിഭാഗം</u>

1 താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക **5X2=10**

ജീവിതത്തിന്റെ ആഴവും സങ്കീർണ്ണതയും അനുഭവിപ്പിക്കാൻ കഴിയുന്ന സാഹിത്യരൂപമായി ചെറുകഥയെ മാറ്റിയെടുത്ത എഴുത്തുകാരനാണ് കാരൂർ നീലകണ്ഠപ്പിള്ള. ഭാവസൂക്ഷ്മതയുടേയും ധാർമ്മികാവബോധത്തിന്റെയും സമന്വയമായ അദ്ദേഹത്തിന്റെ ചെറുകഥകളിൽ ജീവിതസത്യത്തിന്റെ ഘനസാന്നിദ്ധ്യം പ്രകടമാണ്. അദ്ധ്യാപകൻ അനുഭവിക്കുന്ന സാമ്പത്തികക്ലേശവും അയാൾ പുലർത്തേണ്ട സാമൂഹിക മാന്യതയും കൂടി സൃഷ്ടിക്കുന്ന വിരുദ്ധാവസ്ഥയുടെ ഒരേസമയം ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്യുന്ന ചിത്രങ്ങൾ അദ്ദേഹത്തിന്റെ അദ്ധ്യാപകകഥകളിലുണ്ട്. നിസ്വരും ദുഖിതരും ഭൗതികപ്രശ്നങ്ങളിൽ പെട്ടുഴലുന്നവരുമായ ഗ്രാമീണമനുഷ്യരായിരുന്നു കാരൂരിന്റെ കഥാപാത്രങ്ങളിൽ അധികവും. അവരുടെ സുഖദുഃഖങ്ങളും ജയപരാജയങ്ങളും അതിജീവനവും ദുരന്തവുമെല്ലാം അദ്ദേഹത്തിന്റെ ചെറുകഥയ്ക്ക് വിഷയങ്ങളായി. കാരൂരിന്റെ നല്ലൊരുപങ്കു കഥകളുടെ പ്രമേയത്തിലും സാമ്പത്തികപ്രശ്നങ്ങൾ അന്തർഹിതമായിട്ടുണ്ട്. സാമ്പത്തികാനീതിജന്യമായ ജീവിതവൈരുദ്ധ്യങ്ങളെ കലാത്മകമായി അദ്ദേഹം ചിത്രീകരിച്ചു. ജീവിതാവസ്ഥയുടെ ദൈന്യവും അതിലുൾപ്പെട്ട മനുഷ്യരുടെ സംഘർഷങ്ങളും മിതത്വത്തോടെ ധ്വന്യാത്മകമായി അവതരിപ്പിച്ചുകൊണ്ടാണ് കാരൂർ അത് സാധ്യമാക്കിയത്. കാലത്തിന്റെ സ്പർശം കൊണ്ട് ക്ലാവുപിടിക്കാത്ത കാരൂരിന്റെ കഥാശില്പങ്ങൾക്ക് ഏതു കാലത്തെ വായനയേയും അർത്ഥസാന്ദ്രമാക്കാനുള്ള ആന്തരികോർജ്ജമുണ്ട്. ഈ സവിശേഷതയാണ് കാരൂരിന്റെ രചനകളെ കാലാതിവർത്തിയാക്കുന്നത്.

ചോദ്യങ്ങൾ

i. കാരൂരിന്റെ അദ്ധ്യാപകകഥകളുടെ പ്രത്യേകതയെന്ത്?
ii. കാരൂർ തന്റെ ചെറുകഥയ്ക്ക് വിഷയങ്ങളാക്കിയതെന്ത്?
iii. സാമ്പത്തികപ്രശ്നങ്ങൾ എങ്ങനെയാണ് കാരൂർ കഥകളിൽ അവതരിപ്പിക്കപ്പെട്ടത്?
iv. കാരൂരിന്റെ രചനകളെ കാലാതിവർത്തിയാക്കുന്നതെന്ത്?
v. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നിർദ്ദേശിക്കുക.

## ബി വിഭാഗം

2 (a) ഏതെങ്കിലും ഒരു വിഷയത്തെ കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക **2X7=14**

i. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം
ii. ഉപഭോഗ സംസ്കാരം
iii. വിദ്യാഭ്യാസരംഗത്ത് വാർത്താമാധ്യമങ്ങൾക്കുള്ള പങ്ക്

(b) പരിസരമലിനീകരണത്തിന്റെ ദോഷങ്ങൾ വ്യക്തമാക്കുന്ന ലേഖനം പ്രസിദ്ധീകരിച്ചതിൽ അഭിനന്ദിച്ചു കൊണ്ട് പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക.

## സി വിഭാഗം

3 (a) പ്രയോഗം മാറ്റുക **2X1=2**

i. ഒരു മഹൽസന്നിധിയിലെന്ന പോലെ അന്ന ശിരസ്സുകുനിച്ചു.
ii. തുന്നിയ നൂലുകൾ അയാൾ വല്ലാതെ ബുദ്ധിമുട്ടി അഴിച്ചെടുത്തു.

(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക **2X1=2**

**i.** മൂന്നു പതിറ്റാണ്ടായി നൂലു കോർത്തു കുഴിഞ്ഞുപോയ കണ്ണുകൾ കൊണ്ട് അയാൾ ചുറ്റുപാടും നോക്കുന്നത് മത്തായി ശ്രദ്ധിച്ചു.
**ii.** യാഥാർത്ഥ്യത്തിന്റെ കടിച്ചുകീറലുകളിൽ നിന്നു രക്ഷപ്പെടാൻ ഒരഭയകേന്ദ്രം കണ്ടെത്തുന്നത് പ്രാർത്ഥനകളിലാണ്.

(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക **2X1=2**

i. ഇങ്ങനെ ഭുവനവിദിതമായ പേരുകേട്ട മാവിന്റെ വർഗ്ഗത്തിലും വംശത്തിലുമാണ് ഞങ്ങളുടെ കൊച്ചുചക്കരച്ചി ജനിച്ചത്.
ii. ആത്മഹത്യയിലൂടെ ജീവിതത്തിന്മേലോ മരണത്തിന്മേലും ദൈവത്തിനുള്ള അധികാരം ചോദ്യം ചെയ്യുകയാണ് ഉന്നവും ലക്ഷ്യവും.

(d) പിരിച്ചെഴുതി സന്ധി നിർണയിക്കുക **2X1=2**

i. കാലാഹി
ii. അത്യാഹിതം

(e) വിഗ്രഹിച്ച് സമാസം നിർണയിക്കുക **2X1=2**

i. പ്രണയചാപലം
ii. ശുദ്ധാത്മാവ്

(f) പര്യായപദങ്ങൾ എഴുതുക 2XI=2

i. അശ്വം

ii. മാവ്

(g) നാനാർത്ഥം എഴുതുക 2X1=2

i. ഭദ്രം

ii. ചിത്രം

4 വലയത്തിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക

(a) വിപരീതപദങ്ങൾ എഴുതുക 2X1=2

i. ബന്ധനം (ധനം,മോഹനം,മോചനം,കാഞ്ചനം)

ii. ക്ഷയം (സ്വർഗ്ഗം,വൃദ്ധി,അക്ഷീണം,അയനം)

(b) അർത്ഥവ്യത്യാസം എടുത്തെഴുതുക 4X½=2

i. പ്രമാദം - പ്രമോദം

(ആശങ്ക,ഓർമ്മക്കേട്,ചൂതം,സന്തോഷം)

ii. ഹവിസ്സ് - അഹസ്സ്

(പകൽ,അരയാൽ,അങ്കണം,ഹോമദ്രവ്യം)

(c) എതിർലിംഗം എഴുതുക 2X1=2

**i.** അധീശ്വരി (ഈശ്വരൻ,ദേവൻ,അധീശ്വര,അധീശ്വരൻ)

ii. പിതാമഹൻ (മുത്തശ്ശി,പിതാമഹി,മാതുലൻ,മഹതി)

**ഡി വിഭാഗം**

5 വലയത്തിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക 4X½= 2

**i.** പെരുമ്പടവം ശ്രീധരൻ എഴുതിയ കൃതിയേത്?

(ഗുരുസാഗരം,ഒറ്റച്ചിലമ്പ്,കല ജീവിതം തന്നെ,ചിദംബരരഹസ്യം)

**ii.** 'സംഗീതാത്മകമായ ഭാവഗീതശൈലിയിൽ നവ കാല്പനികതയ്ക്ക് പ്രചാരം നൽകിയ കവി?

(വയലാർ രാമവർമ്മ, കുമാരനാശാൻ, ഇടശ്ശേരി,മധുസൂദനൻ നായർ)

**iii.** 'ജ്ഞാനപീഠപുരസ്കാരം' നേടിയ ആറാമത്തെ മലയാളി?

(ഇ.സന്തോഷ് കുമാർ,ഒ.എൻ.വി.കുറുപ്പ്,തകഴി,അക്കിത്തം)

**iv.** 'ഓണമുറ്റത്ത്' എന്ന കവിത ഏതു കൃതിയിൽ നിന്നും എടുത്തതാണ്?

(കന്നിക്കൊയ്ത്ത്,അക്ഷരം,വിട,കുടിയൊഴിക്കൽ)

**(b)** 4X½= 2

**i.** മുക്തിക്കു വിഘ്നം വരുത്തുവാൻ ശക്തിയുള്ളത് എന്ത്?

(പ്രേമം,ഭക്തി,വിദ്യാഭ്യാസം,ക്രോധം)

**ii.** ചാരുശൈശവകഥയ്ക്ക് ചേർന്ന വാക്കരുളിയത് ആര്?

(ലക്ഷ്മണൻ,നളിനി,ദിവാകരൻ,അന്ന)

iii. “ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്.”-ആരുടെ വാക്കുകളാണിവ?
(ദുര്യോധനൻ,വെള്ളായിയപ്പൻ,ദസ്തയേവ്സ്കി,കണ്ടുണ്ണി)

iv. “നല്ലതിഥി നമുക്കിനിയാരിതു പോലെ?” -ആരെയാണ് നല്ലതിഥി എന്നു വിശേഷിപ്പിച്ചത്?
(അശ്വത്ഥാമാവ്,കേരളം,ഓണത്തപ്പൻ,ദിവാകരൻ)

6 മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക 3X4=12

i. “രാഗാദിസങ്കുലമായുള്ള സംസാര-
മാകെ നിരൂപിക്കിൽ സ്വപ്നതുല്യം സഖേ.” -ശ്രീരാമൻ എങ്ങനെയാണ് ജീവിതത്തിന്റെ നശ്വരത ലക്ഷ്മണനു ബോധ്യമാക്കിക്കൊടുത്തത്?

ii. “ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണ് ഞാൻ” -വരികളുടെ ആശയം എന്ത്? വയലാറിന്റെ കാവ്യദർശനം വിവരിക്കുക.

iii. ‘അമ്മയുടെ എഴുത്തുകൾ’ കവിയ്ക്കു പകർന്നുനൽകിയ അനുഭവങ്ങൾ എന്തെല്ലാം?

(b) 3X4=12

i. “നന്മയുടെ മൂർത്തിയായി ഒരു ശുദ്ധാത്മാവിനെ സൃഷ്ടിയ്ക്കുകയാണ് എന്റെ ലക്ഷ്യം,സഹിക്കാൻ ഒന്നുമില്ലാത്ത ജീവിതം യഥാർത്ഥത്തിൽ ജീവിതമാണോ?”-സൂചനകളുടെ അടിസ്ഥാനത്തിൽ ദസ്തയേവ്സ്കിയുടെ ജീവിതദർശനം വ്യക്തമാക്കുക.

ii. “യാത്രയുടേയും വേർപാടിന്റെയും സാന്ദ്രമായ ദുഃഖത്തിന്റെയും കഥയാണ് കടൽത്തീരത്ത്.” -ഈ പ്രസ്താവനയോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു?

iii. അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയുമായി സങ്കല്പ്പിച്ചിരിക്കുന്നതിന്റെ ഔചിത്യം എന്ത്?

7 ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക 2X4=8

i. ചട്ടമ്പിസ്വാമികൾ ‘വിജ്ഞാനദാഹിയായ വിപ്ലവകാരി’ എന്ന് വിശേഷിപ്പിക്കപ്പെടാൻ കാരണം എന്ത്?

ii. ചട്ടമ്പിസ്വാമികൾ സമൂഹത്തിനു നൽകിയ സന്ദേശം എന്ത്?

iii. ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുവും തമ്മിൽ സൗഹൃദം സ്ഥാപിക്കാൻ ഇടയായതെങ്ങനെ?

~~<><>~~